**<u>തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം</u>**

**(ഹാജർ : Seeram Sambasiva Rao IAS)**

<u>സംഗ്രഹം</u>

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് -എറണാകുളം ജില്ലയിലെ മണീട് ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടൻറ് ശ്രീ ജിജോമോൻ പി എം-നെ അവധിക്ക് ശേഷം ജോലിയിൽ പ്രവേശിപ്പിച്ച് ഉത്തരവാകുന്നു.

**<u>ഉത്തരവ് നമ്പർ LSGD/PD/34027/2024-DEB3 തീയതി: 09-10-2024</u>**

പരാമർശം: 1) പഞ്ചായത്ത് ഡയറക്ടറുടെ 10/07/2021 തീയതിയിലെ PAN /6930/2021-E13 (DP) നമ്പർ ഉത്തരവ്.

2) ശ്രീ ജിജോമോൻ പി എം -ന്റെ 30/08/2024 തിയതിയിലെ അപേക്ഷ

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിലെ മണീട് ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടൻറ് ശ്രീ ജിജോമോൻ പി എം പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ 01/08/2021 മുതൽ അഞ്ച് വർഷത്തേക്ക് ശൂന്യവേതനാവധിയിൽ പ്രവേശിച്ചിരുന്നു. അനുവദിച്ച ശൂന്യവേതന അവധി റദ്ദാക്കി ജോലിയിൽ തിരികെ പ്രവേശിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (2) പ്രകാരം ടിയാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

മണീട് ഗ്രാമപഞ്ചായത്തിൽ നിലവിൽ അക്കൗണ്ടന്റ് തസ്തികയിൽ ഒഴിവില്ലാത്തതാണ്. മേൽ സാഹചര്യത്തിൽ പരാമർശം (2) അപേക്ഷ പരിഗണിച്ച് ശ്രീ ജിജോമോൻ പി എം -നെ തിരികെ ജോലിയിൽ പ്രവേശിപ്പിച്ച് ഹെഡ് ക്ലാർക്ക്/സീനിയർ എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിൽ നിലവിൽ ഒഴിവുള്ള ഇടുക്കി ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിൽ നിയമിച്ച് ഉത്തരവാകുന്നു.

ശ്രീ ജിജോമോൻ പി എം - സേവനത്തിൽ പ്രവേശിക്കുന്നതിനായി കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുമ്പാകെ റിപ്പോർട്ട് ചെയ്യേണ്ടതാണ്. പ്രവേശന വിവരം കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഈ ഓഫീസിലും ബന്ധപ്പെട്ട മറ്റ് ഓഫീസുകളിലും യഥാസമയം റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ ജിജോമോൻ പി എം ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ ഡ്യൂട്ടിയായി പരിഗണിക്കേണ്ടതാണ്.

Seeram Sambasiva Rao IAS
PRINCIPAL DIRECTOR

പകർപ്പ്:
1. ബന്ധപ്പെട്ട ജില്ലാ ജോയിൻറ് ഡയറക്ടർക്ക്
2. വ്യക്തിക്ക്(ബന്ധപ്പെട്ട മേലധികാരികൾ മുഖേന)
3. സെക്രട്ടറി, കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്, മണീട് ഗ്രാമപഞ്ചായത്ത്
4. കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
Ajith Kumar M P
Date: 09-10-2024 10:45:11